**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- തൃശ്ശൂർ ജില്ല – അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് - ആമ്പല്ലൂർ വില്ലേജ്- അനധികൃത നിർമ്മാണം - കേരള പഞ്ചായത്ത് കെട്ടിടം(അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം 2014 പ്രകാരം - ക്രമവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ. ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.208/2018/തസ്വഭവ തിരുവനന്തപുരം,തീയതി, 22/01/2018.**

---

പരാമർശം:- 1) 21.08.2014 ലെ സ.ഉ. (എം.എസ്.) നമ്പർ 150/2014/തസ്വഭവ.

2) 11.01.2016 ലെ 13022/ആർ ബി 2/15/തസ്വഭവ നമ്പർ കത്ത്

3) അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27/2/2016 ലെ പി/1636/2016 നമ്പർ കത്ത്

4) ചീഫ് ടൗൺ പ്ലാനറുടെ 12/05/16, 16/07/16,എന്നീ തീയതികളിലെ സി 2/2985/16 /കെ.ഡിസ് 31/08/17,7/12/2017 എന്നീ തീയതികളിലെ സി 2/8325/2016/കെ.ഡിസ് നമ്പർ കത്തുകൾ.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിൽ അളഗപ്പനഗർ ഗ്രാമപഞ്ചായത്തിൽ ആമ്പല്ലൂർ വില്ലേജിൽ സർവ്വേ നമ്പർ 714/2,3,4,5,710/5-ൽ ഉൾപ്പെട്ട 0.471 ഹെക്ടർ സ്ഥലത്ത് നിലവിലുള്ള സ്കൂൾ കെട്ടിടത്തിന് പുറമെ അനധികൃതമായി 2056.38 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ നിർമ്മിച്ച മൂന്ന് നില കെട്ടിടം (Ground+2) ക്രമവൽക്കരിക്കുന്നതിനായി ലഭ്യമായ അപേക്ഷ ടി നിർമ്മാണം കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2011 ലെ ചട്ടം 104(4) ലംഘിക്കുന്നതിനാൽ പരാമർശം (2) ലെ കത്ത് പ്രകാരം നിരസിച്ചിരുന്നു.എന്നാൽ പരാമർശ നിർമ്മാണം കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2011 ലെ ചട്ടം 104 (4) പ്രകാരം ആവശ്യമുള്ള നിബന്ധനകൾ പാലിച്ചിട്ടുള്ളതിനാൽ ടി നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് പരാമർശം (3) പ്രകാരം അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി നിർമ്മാണം കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2011 ലെ ചട്ടം 104(4) പാലിക്കുന്നതായും ആയതിനാൽ നിബന്ധനകളോടെ 3,08,457/-രൂപ (മൂന്ന് ലക്ഷത്തി എണ്ണായിരത്തി നാനൂറ്റി അൻപത്തിയേഴ് രൂപ മാത്രം) കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി ക്രമവൽക്കരിക്കാവുന്നതാണെന്ന് ചീഫ് ടൗൺ പ്ലാനർ മേൽ പരാമർശിത കത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്.

2) കേരള പഞ്ചായത്ത് കെട്ടിടം (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014- പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിൽ അളഗപ്പനഗർ ഗ്രാമപഞ്ചായത്തിൽ ആമ്പല്ലൂർ വില്ലേജിൽ സർവ്വേ നമ്പർ 714/2,3,4,5,710/5-ൽ ഉൾപ്പെട്ട 0.471 ഹെക്ടർ സ്ഥലത്ത് നിലവിലുള്ള സ്കൂൾ കെട്ടിടത്തിന് പുറമെ അനധികൃതമായി 2056.38 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ നിർമ്മിച്ച മൂന്ന് നില കെട്ടിടം (Ground+2) മുഖ്യനഗരാസൂത്രകന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, അനധികൃത നിർമ്മാണം നിലവിലുള്ള സ്കൂൾ കോമ്പൗണ്ടിനുള്ളിലെ അതേ ഉപയോഗത്തിലുള്ള നിർമ്മാണമായതിനാലും, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2011 ലെ പ്രധാനപ്പെട്ട

ചട്ടങ്ങൾ പാലിക്കപ്പെടുന്നതിനാലും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിന് അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മേൽ കെട്ടിടത്തിലെ ടോയ് ലറ്റുകൾക്ക് മതിയായ ലൈറ്റ് ആന്റ് വെന്റിലേഷൻ ലഭ്യമാക്കിയിരിക്കണം
2. കോമ്പൗണ്ടിംഗ് ഫീസായി 3,08,457/-രൂപ (മൂന്ന് ലക്ഷത്തി എണ്ണായിരത്തി നാനൂറ്റി അൻപത്തിയേഴ് രൂപ മാത്രം) "0515 Other Rural Development Programmes – 800 – Other Receipts - 92 Compounding Fee for regularisation of unauthorised Constructions violating provision of building rules" എന്ന ശീർഷകത്തിൽ അപേക്ഷകൻ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

3) മേൽ പരാമർശിച്ച തുക ഉത്തരവ് തീയതി മുതൽ 30 ദിവസത്തിനകം സർക്കാർ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുമ്പാകെ അപേക്ഷകൻ ഹാജരാക്കേണ്ടതും, കേരള പഞ്ചായത്ത് കെട്ടിടം (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം 2014 ൽ അനുശാസിക്കുന്ന പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടി പഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

4) ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മുൻപ് ഈ ഉത്തരവിന്റെ 2-ാം ഖണ്ഡികയിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സ്റ്റെല്ലാ ലിറ്റിൽഫ്ലവർ .എം.കെ**

**ജോയിന്റ് സെക്രട്ടറി**

മാനേജർ ,മാത ഹൈസ്കൂൾ,മണ്ണംപേട്ട ,വരക്കര പി.ഒ,തൃശ്ശൂർ

പ്രസിഡന്റ്,അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് ,തൃശ്ശൂർ

സെക്രട്ടറി, അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് ,തൃശ്ശൂർ

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) തിരുവനന്തപുരം

ജില്ലാ ടൗൺ പ്ലാനർ, തൃശ്ശൂർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ, തിരുവനന്തപുരം.

(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ